സമ്പൂർണ്ണ ഗാർഹിക വൈദ്യുതീകരണത്തിന് ജനപ്രതിനിധികളുടെയും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെയും വിഹിതം

20 (*440) ശ്രീ. കെ. ശിവദാസൻ നായർ :
ശ്രീ. കെ. സി. ജോസഫ്:
ശ്രീ. എൻ. ശക്തൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പിന്നോക്ക പട്ടിക സമുദായക്ഷേമവും ഊർജ്ജവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ എല്ലാ നിയോജക മണ്ഡലങ്ങളിലേയും ഗാർഹിക വൈദ്യുതീകരണം നൂറു ശതമാനം യാഥാർത്ഥ്യമാക്കാൻ എന്നത്തേക്ക് കഴിയുമെന്നാണ് ലക്ഷ്യമിട്ടിരിക്കുന്നത് ;

(ബി) ഈ പദ്ധതിക്കായി കെ.എസ്.ഇ.ബി.-ക്ക് പുറമേ, ജനപ്രതിനിധികളുടെ വികസനനിധികളിൽ നിന്നും എത്ര ശതമാനം വിഹിതമായി ലഭ്യമാക്കണമെന്ന് നിർദ്ദേശിച്ചിട്ടുണ്ടോ ;

(സി) ഈ പദ്ധതി നടപ്പിലാക്കുന്നതിന് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ വിഹിതം എത്ര ശതമാനമെന്ന് കണക്കാക്കിയിട്ടുണ്ടോ ;

(ഡി) ഇവയ്ക്കു പുറമേ മറ്റെന്തൊക്കെ മാർഗ്ഗങ്ങളിലൂടെയാണ് ഈ പദ്ധതി നടത്തിപ്പിനുള്ള തുക കണ്ടെത്തുന്നത് എന്ന് വ്യക്തമാക്കുമോ ?

പിന്നോക്ക പട്ടികസമുദായക്ഷേമവും ഊർജ്ജവും വകുപ്പുമന്ത്രി (ശ്രീ. എ. കെ. ബാലൻ) :

(എ) 40 നിയോജക മണ്ഡലങ്ങളിൽ സമ്പൂർണ്ണ വൈദ്യുതീകരണം പൂർത്തീകരിച്ചിട്ടുണ്ട്. 23 മണ്ഡലങ്ങളിൽ പ്രവർത്തനം പുരോഗമിച്ചു വരുന്നു. 65 നിയോജക മണ്ഡലങ്ങളിൽ എസ്റ്റിമേറ്റ് തയ്യാറാക്കുന്ന നടപടികൾ പുരോഗമിച്ചുവരുന്നു. മാർച്ച് 2011-ഓടുകൂടി 100 നിയോജകമണ്ഡലങ്ങളെങ്കിലും സമ്പൂർണ്ണമായി വൈദ്യുതീകരിക്കാൻ കഴിയുമെന്നാണ് പ്രതീക്ഷിക്കുന്നത്.

(ബി-ഡി) സമ്പൂർണ്ണ വൈദ്യുതീകരണ പദ്ധതി നടപ്പിലാക്കുന്നതിന് അതാത് നിയോജക മണ്ഡലത്തിലെ എം.എൽ.എ.മാരാണ് മുൻകൈ എടുക്കേണ്ടത്. സമ്പൂർണ്ണ വൈദ്യുതീകരണത്തിനാവശ്യമായ ഫണ്ട് വിഹിതങ്ങൾ ഗ്രാമ പഞ്ചായത്തുകൾ, ബ്ലോക്ക് പഞ്ചായത്തുകൾ, ജില്ലാ പഞ്ചായത്ത്, എം.എൽ.എ., എം.പി. ഫണ്ടുകൾ, കോർപ്പസ് ഫണ്ട്, ആർ.ജി.ജി.വി.വൈ. പദ്ധതികൾ, മറ്റു ഫണ്ടുകൾ ഇവയിൽ നിന്നും കണ്ടെത്തണം. ബാക്കി വേണ്ടിവരുന്ന തുകയുടെ 50% (പരമാവധി ഒരു കോടി രൂപ) ബോർഡ് ഫണ്ടിൽ നിന്നും ചെലവഴിക്കുന്നതാണ്. 10 മെഗാവാട്ടിലധികം വൈദ്യുതി ഉൽപാദിപ്പിക്കുന്ന പദ്ധതികളുള്ള നിയോജക മണ്ഡലങ്ങളുടെ സമ്പൂർണ്ണ വൈദ്യുതീകരണത്തിന് നിലവിൽ പ്രഖ്യാപിച്ച ഒരു കോടി രൂപയ്ക്ക് പുറമെ പ്രത്യേക ഫണ്ട് അനുവദിക്കുവാൻ ഗവൺമെന്റ് തീരുമാനിച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly